# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809** **09-10-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2021 മുതൽ നാളിതുവരെ എത്ര നഗറുകൾ നവീകരിക്കുന്നതിനു വേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്; അനുവദിച്ച ഫണ്ട് എത്രയെന്നു വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിരുന്ന ഭാസ്കർ നഗർ ഗ്രാമത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2019-20 വർഷത്തിൽ ഉൾപ്പെട്ട വെട്ടുവിള ഗ്രാമത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. അറയൂർ മച്ചിംഗവിളാകം,ആര്യശാലമുകളിൽ വിള, ഉള്ളൂർക്കോണം എന്നീ ഗ്രാമങ്ങളെയാണ് പ്രസ്തുത നിയോജക മണ്ഡലത്തിൽ നിന്നും 2021 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിൽ അറയൂർ മച്ചിംഗവിളാകം ഗ്രാമത്തിലെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി 20 ലക്ഷം രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആര്യശാലമുകളിൽ വിള ഗ്രാമത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും തുക അനുവദിച്ചിട്ടില്ല. ഉള്ളൂർക്കോണം ഗ്രാമത്തിന്റെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്ന് വ്യക്തമാക്കാമോ; പ്രവൃത്തി ആരംഭിക്കാത്ത നഗറുകൾ എതൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ